21067
9/10/17

# കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - മുൻ ആഭ്യന്തര മന്ത്രിയും സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിയും 'Z' കാറ്റഗറി സുരക്ഷ വിഭാഗത്തിൽ ഉൾപ്പെടുന്നയാളുമായ ശ്രീ. കോടിയേരി ബാലകൃഷ്ണന് സുരക്ഷ അകമ്പടി പോയ വാഹനം അപകടത്തിൽപ്പെട്ടതിനെ തുടർന്ന് മരണമടഞ്ഞ സിവിൽ പോലീസ് ഓഫീസർ പി. പ്രവീണിന്റെ അനന്തരാവകാശികൾക്കും, പ്രവീണിനോടൊപ്പം അകമ്പടി ഡ്യൂട്ടിയിലുണ്ടായിരുന്ന പരിക്കേറ്റ സിവിൽ പോലീസ് ഓഫീസർമാരായ, ശ്രീ. അഭിലാഷിനും, ശ്രീ. രാജേഷിനും ചികിൽസാ സഹായം അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

========================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (എം.എസ്.) നമ്പർ : **336/2017/റവ.** തിരുവനന്തപുരം, തീയതി, 06.10.2017.

========================================

## ഉത്തരവ്

മുൻ ആഭ്യന്തര മന്ത്രിയും സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിയും 'Z' കാറ്റഗറി സുരക്ഷ വിഭാഗത്തിൽ ഉൾപ്പെടുന്നയാളുമായ ശ്രീ. കോടിയേരി ബാലകൃഷ്ണന് സുരക്ഷ അകമ്പടി പോയ വാഹനം അപകടത്തിൽപ്പെട്ടതിനെ തുടർന്ന് 10.09.2017-ന് മരണമടഞ്ഞ സിവിൽ പോലീസ് ഓഫീസർ കൊല്ലം ജില്ലയിലെ കടയ്ക്കൽ, ആനപ്പാറ, പദ്മവിലാസത്തിൽ ശ്രീ. പി. പ്രവീണിന്റെ അനന്തരാവകാശികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 20,00,000/- രൂപ (ഇരുപത് ലക്ഷം രൂപ മാത്രം) ധനസഹായം അനുവദിച്ചുകൊണ്ടും, പ്രവീണിനോടൊപ്പം അകമ്പടി ഡ്യൂട്ടിയിലുണ്ടായിരുന്ന പരിക്കേറ്റ സിവിൽ പോലീസ് ഓഫീസർമാരായ കൊല്ലം ജില്ലയിലെ കടയ്ക്കൽ, പുതുക്കോണം, കമലാവിലാസത്തിൽ ശ്രീ. രാജേഷ്.ആർ.എസ്., തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം, വെടിവെച്ചാൻകോവിൽ, എട്ടുക്കാത്തുകോണം, മലവിളവീട്ടിൽ ശ്രീ. അഭിലാഷ്. എസ്.പി. എന്നിവർക്ക് ആശുപത്രി ചികിൽസയ്ക്കായി ചെലവഴിച്ച മുഴുവൻ തുകയും അനുവദിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വിതരണത്തിനാവശ്യമായിവരുന്ന 20,00,000/- (ഇരുപത് ലക്ഷം രൂപ മാത്രം) രൂപ *"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള

..2/-

T. P. 80 അക്കൗണ്ടിൽ നിന്നും ബന്ധപ്പെട്ട തഹസീൽദാർ തുക വിതരണം ചെയ്ത് ഒരാഴ്ചയ്ക്കകം സർക്കാരിനെ വിവരം അറിയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി. എച്ച്. കുര്യൻ,
അഡീഷണൽ ചീഫ് സെക്രട്ടറി.

ജില്ലാ കളക്ടർ, കൊല്ലം.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

തഹസിൽദാർ, കൊട്ടാരക്കര.

തഹസിൽദാർ, നേമം.

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

റവന്യൂ (ഡി.ആർ.എഫ്.- എ) വകുപ്പ്.

പൊതുഭരണ (എസ്.സി.) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol K.N

സെക്ഷൻ ഓഫീസർ.